# എൻ.ആർ.പി.എം.എച്ച്.എസ്സ്.എസ്സ്.

## കായംകുളം

# e-എഴുത്ത്



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡിജിറ്റൽമാഗസിൻ

# സരസ്വതീ വന്ദനം



യാ കുന്ദേന്ദു തുഷാരഹാര ധവളാ

യാ ശുഭ്രവസ്ത്രാവൃതാ

യാ വീണാ വരദണ്ഡ മണ്ഡിത കരാ

യാ ശ്വേത പദ്മാസനാ

യാ ബ്രഹ്മാച്യുത ശങ്കര പ്രഭൃതിഭിർ

ദേവൈ സദാ വന്ദിതാ

സാ മാം പാതു സരസ്വതീ ഭഗവതീ

നിശ്ശേഷ ജാഡ്യാപഹാ

ശുക്ലാം ബ്രഹ്മ വിചാരസാരപരമാം

ആദ്യാം ജഗദ്വ്യാപിനീം

വീണാ പുസ്തക ധാരിണീമഭയദാം

ജാഡ്യാന്ധകാരാ പഹാം

ഹസ്തേ സ്ഫാടികമാലികാം വിദധതീം

പദ്മാസനേ സംസ്ഥിതാം

വന്ദേ താം പരമേശ്വരീം ഭഗവതീം

ബുദ്ധിപ്രദാം ശാരദാം

# ഉള്ളടക്കം

സരസ്വതീ വന്ദനം........2
ആശംസ........4
കാഴ്ച്ചപ്പാട്........5
ഉൾക്കാഴ്ച........6
മാതൃവിലാപം........7
സമ്മാനം........9
എന്റെ കേരളം........11
ഉണ്ണിമായയ്ക്ക് ഒരു താരാട്ട്........12
മലനാടാം മലനാട്........13
കൊയ്ത്തുപാട്ട്........14
ഗണിതം........15
സായന്തനം........16
അമ്മയുടെ ദു:ഖം........17
പ്രകൃതി എന്ന ശില്പി........18
താക്കോൽക്കൂട്ടം........19
നിലാവ് ഉയർന്ന രാത്രിയിൽ........20

## ആശംസ

എൻ. ആർ. പി. എം. എച്ച്. എസ്. എസ്സിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ **'e-എഴുത്ത്'** ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്കും കുട്ടികളെ ഇതിനു പ്രാപ്തരാക്കിയ കൈറ്റ് മാസ്റ്റർമാർക്കും അഭിനന്ദനങ്ങൾ.

മായ.റ്റി
ഹെഡ്മിസ്ട്രസ്



## ആശംസ

കോവിഡ് എന്ന മഹാമാരിയിലും നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം ഓൺലൈനിലൂടെ യാതൊരു തടസ്സവും കൂടാതെ സംരക്ഷിച്ച് അവരുടെ സർഗ്ഗാത്മകതയും കാത്ത് സൂക്ഷിച്ച് പുഷ്ടിപ്പെടുത്തുകയാണ് **e - എഴുത്ത്** ഡിജിറ്റൽ മാഗസിനിലൂടെ എൻ.ആർ.പി.എം.എച്ച്.എസ്.എസ്. ഇതിലൂടെ കണ്ണോടിക്കുമ്പോൾ വിഷ്ണുപ്രിയയുടെ മാതൃവിലാപം, രാംരാജിന്റെ സമ്മാനം, ദേവീകൃഷ്ണയുടെ എന്റെ കേരളം തുടങ്ങി നമ്മുടെ കുഞ്ഞുങ്ങളുടെ പുത്തൻ ചുവട് വെപ്പ് വായനയും എഴുത്തും മരിച്ചിട്ടില്ല എന്ന സത്യം വിളിച്ചോതുന്നു. ആ സത്യം എന്നും നിലനില്ക്കട്ടെയെന്നും ഇതിൽ പിച്ചവെച്ച എല്ലാ കുഞ്ഞുങ്ങൾക്കും സർഗ്ഗാത്മകതയുടെ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ കഴിയട്ടെയെന്നും ആശംസിക്കുന്നു.അതോടൊപ്പം ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മാഗസിൻ എഡിറ്റർ, എഡിറ്റോറിയൽ അംഗങ്ങൾ ഏവർക്കും ഈ പുതിയ സംരഭത്തിന് ആശംസകളർപ്പിക്കുന്നു.

ഉൾക്ക.എസ്
സീനീയർ അസിസ്റ്റന്റ്



എഡിറ്റോറിയൽ

## കാഴ്ചപ്പാട്

ഈ സ്കൂൾ ജീവിതം

നാളത്തെഗൃഹാതുരത്വമാകാം

ഏതോ നിമിഷങ്ങളിൽ

നമുക്ക് തോന്നിയ

വികാരങ്ങളാണ്

ഈ താളുകളിൽ കോറിയിട്ട അക്ഷരങ്ങൾ.

അത് കാലത്തിന്റെ ഗതിവേഗത്തിൽ

മറഞ്ഞു പോയേക്കാമെങ്കിലും

ആ ഗൃഹാതുരത്വത്തിന്

മാധുര്യമേകുമെന്നുറപ്പിക്കാം.

സത്യമോ മിഥ്യയോ ആയ

അനുഭവങ്ങളുടെ

ഈ ബാക്കിപത്രം

ഉൾക്കാഴ്ചയാകട്ടെ

എന്നാഗ്രഹിച്ചു കൊണ്ട് ,

സ്റ്റുഡന്റ് എഡിറ്റർ

ലക്ഷ്മി.എം

# ഉൾക്കാഴ്ച

ലോകം ---- എത്ര സുന്ദരമാക്കേണ്ടത്!
അതിന്ന്
ഭീതിയുടെ നിഴലിൽ,
ഭാരതം -----
ദേഷ്ഭക്തിയെന്നത് ആദ്യത്തെ വികാരം.
എന്നാൽ
ഇവിടയുമുണ്ട്
വൈരുദ്ധ്യത്തിന്റെ സ്പർദ്ധകൾ
കേരളം.....
തിളയ്ക്കുന്ന ചോര
എന്തിനു വേണ്ടി?
സർവ്വ ലോക ഐക്യത്തിനായ്.
പഴയ കാലം -- പണ്ടത്തെ കാലം
അന്ന് ഇത്രയേറെ
നടുക്കമില്ലായിരുന്നു
എന്തായാലും
സങ്കൽപ്പങ്ങളും സംഭവങ്ങളും
വ്യത്യസ്തങ്ങളായി.
നഷ്ട സൗഭാഗ്യങ്ങളുടെ
തീരങ്ങളിൽ
അലയേണ്ടി വരുന്നവർ ഏറെ
ദൂരങ്ങളിലുള്ള നേട്ടങ്ങൾ തേടി
അരികയുള്ള മരുപ്പച്ചയെ
അവഗണിച്ചു
ഒടുവിൽ എവിടെ ചെന്ന് എത്തും?
ഈ മണ്ണിന്റെ ഹൃദയത്തിൽ
തമസ്സുണ്ടെങ്കിൽ അതു മാഞ്ഞ്
സുരഭിലമായ സൂര്യോദയം ....
അത് നമുക്ക് വേണം
സർഗ്ഗ പ്രവർത്തനത്തിന്റെ
ലക്ഷ്യവും അത് തന്നെ.




സ്റ്റാഫ് എഡിറ്റർ
രാജേഷ്.കെ.ആർ


കവിത

## മാതൃവിലാപം

ജീവൻ പണയപ്പെടുത്തീട്ട ഞാനെന്റെ
കുഞ്ഞുണ്ണിമാർക്ക് കഞ്ഞി വാങ്ങിച്ച
വേദങ്ങൾ എല്ലാം പഠിപ്പിച്ച ഇന്നെന്റെ
കുഞ്ഞുങ്ങൾ എന്നെ തള്ളിപ്പറഞ്ഞു
വാർദ്ധക്യം വന്ന് വാരിപ്പുണർന്നപ്പോൾ
ദുർബലയായിപ്പോയെന്ന്  കണ്ടില്ലല്ലോ
കുട്ടിയേം ഭാര്യയേം നോക്കേണ്ട ധൃതിയിൽ
അച്ഛനേം അമ്മയേം മറന്നുപോയോ?
അച്ഛൻ മരിച്ചപ്പോൾ നിങ്ങളെ പോറ്റാൻ ഞാൻ
വീട്ട വേലയ്ക്കായി പോയ നേരം
ഉണ്ടോ ഉറങ്ങിയോ എന്ന ചിന്തകളും
എൻ മനം വീങ്ങി നിറഞ്ഞിരുന്നു
തണ്ടും തടിയും ഒത്ത പുരുഷനായി
പോയപ്പോൾ നീയത് ഓർത്തില്ലല്ലോ
എന്നാലും ഞാൻ നിന്റെ അമ്മയല്ലേ കുഞ്ഞേ
എന്നും വരട്ടെ നിനക്ക് നന്മ

വിഷ്ണുപ്രിയ.വി.വി


REDMI NOTE 6 PRO
MI DUAL CAMERA
Muhammad YASEEN-N
IX-D


By
Thanush.B
5.B

ചെറുകഥ

# സമ്മാനം

ഞാൻ ഉറക്കത്തിന്റെ പഴുതുകൾ താണ്ടി ഏതോ ഒരു അജ്ഞാത ലോകത്തായിരുന്നു. പെട്ടെന്നാണ് ഒരു ഫോൺ ബെല്ല് കേട്ടത് .ഞാൻ ഞെട്ടിയുണർന്നു ആ ഫോൺ കയ്യിലെടുത്തു. അതെ, ഞാൻ കരുതിയതു ശരിയാണ് . അവൾ എന്റെ അന്ധയായ കുഞ്ഞു പെങ്ങളാണ്. ആധുനിക ലോകത്തിന്റെ പുതിയ ക്രൂരതകൾക്കടിമയായി ലണ്ടനിൽ കഴിയുന്ന എന്റെ മാതാപിതാക്കൾ എനിക്കു നൽകിയ ഒരപൂർവ്വ സമ്മാനം. ഞാൻ ഫോണിലൂടെ അവളോട് ചോദിച്ചു "എന്താ മോളേ , നീ ഈ സമയത്ത് ". " അതു ഞാൻ ...... എന്നെ ഇവിടുത്തെ വാർഡൻ തല്ലി . ഞാൻ ഇവിടെ ഇനി നിൽക്കില്ല. ഏട്ടൻ തീർച്ചയായും നാളെ രാവിലെ തന്നെ എത്തണം ഇല്ലെങ്കിൽ ഞാൻ ഇനിയുണ്ടാവില്ല. " ആ കുഞ്ഞ് ഏങ്ങിയേങ്ങി പറഞ്ഞു. ആ വാക്കുകൾക്ക് ഒരു മറുവാക്ക് ഞാൻ പറഞ്ഞില്ല. " ശരി, ഏട്ടൻ നാളെയെത്താം". എന്നു പറഞ്ഞിട്ട് ഫോണിൽ കൂടി അവളെ ചുംബിച്ചിട്ട് ഞാൻ ഫോൺ താഴെ വച്ചു

പിറ്റേന്നു രാവിലെ തന്നെ ഞാൻ ഹോസ്റ്റലിലെത്തിയപ്പോൾ എന്റെ കുഞ്ഞു പെങ്ങൾ ഒരു വലിയ ട്രങ്കുമായി ഒരു മരച്ചുവട്ടിൽ ഇരിപ്പുണ്ടായിരുന്നു. ഞാൻ ഓടിച്ചെന്ന് അവളെ വാരിപ്പുണർന്നു. അവൾ കരയാൻ തുടങ്ങി. ഞാൻ അവളുമായി വാർഡന്റെയടുത്തെത്തി കാര്യമന്വേഷിച്ചു. അവർ ക്രൂരമായി മറുപടി പറയാൻ തുടങ്ങിയപ്പോൾ എന്റെ നിർഭാഗ്യവതിയായ കുഞ്ഞു പെങ്ങൾ പറഞ്ഞു, വേണ്ടേട്ടാ, നമുക്ക് പോകാം.

ഞാൻ പിന്നെയവിടെ നിന്നില്ല . അവളുമായി വീട്ടിലെത്തി. പിറ്റേന്നു രാവിലെ കിണറിനരികിൽ നിന്നു കരയുന്ന അവളുടെ യരികിലെത്തി, " എന്താ കുട്ടീ നീ ഇങ്ങനെ "?
അവൾ ശാന്തമായി മറുപടി പറഞ്ഞു

" എനിക്ക് ആ പ്രകൃതിയെ കാണാൻ കഴിയില്ലെങ്കിലും ആസ്വദിക്കാനും മനസ്സിലാക്കാനും കഴിയുന്നുണ്ട് എന്നാൽ നമ്മുടെ അച്ഛനമ്മമാർക്ക് നമ്മളെ കാണാൻ കഴിഞ്ഞിട്ടും കാണാ ദൂരത്ത് പോയി വസിക്കുക മാത്രമല്ല നമ്മെ മനസ്സിലാക്കുക കൂടിയില്ല. അല്ലേ ഏട്ടാ ".

കുഞ്ഞു മനസ്സിനെ വിശാലമായ ചോദ്യത്തിനുമുന്നിൽ ഞാൻ പതുങ്ങി. ഞാനവളോട് പറഞ്ഞു." വേഗം തയ്യാറാകൂ. നമുക്കിന്ന് പാർക്കിൽ പോകാം ".
" വേണ്ട നമുക്ക് പ്രകൃതി നമ്മെ തഴുകുന്ന ആശ്വാസം പകർന്നു തരുന്ന വിശാലമായ തീരത്ത് പോകാം അവിടെയുള്ള കുഞ്ഞ് അരുവിയിൽ നമുക്കു മാതാപിതാക്കൾ തന്നെ ദുഃഖങ്ങൾ ഒഴുക്കിക്കളയാം" അവൾ മറുപടി പറഞ്ഞു. ഞാൻ സമ്മതിച്ചു.

സുന്ദരമായ കാറ്റും മലിനം അല്ലാത്ത ചുറ്റുപാടും കളകളം പാടി ഒഴുകുന്ന കുഞ്ഞ് അരുവിയും ആ പ്രദേശത്തെ സുന്ദരമാക്കി എന്റെ കുഞ്ഞു പെങ്ങൾക്ക് ആ സ്ഥലം വളരെ ഇഷ്ടമായി അവൾ അവിടെ കുറച്ചു നേരം അമ്പരപ്പോടെ നിന്നു. ഞാനവളെ അരുവിയുടെ തീരത്ത് ഒരു പാറയുടെ മേലെ ഇരുത്തി. ഭക്ഷണ സാധനങ്ങൾ വാങ്ങാനായി പുറപ്പെട്ടു.

ആ പഴയ കടയിൽനിന്ന് എന്റെ കുഞ്ഞുപെങ്ങൾ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന പഴവർഗങ്ങൾ വാങ്ങിക്കൂട്ടുന്ന തിടുക്കത്തിൽ എന്റെ കീഴിലുണ്ടായിരുന്ന മൊബൈൽഫോൺ ഞാനറിഞ്ഞില്ല. കടക്കാരൻ പറഞ്ഞപ്പോഴാണ് ഞാനതെടുക്കുന്നത്.

മൊബൈൽഫോൺ എന്നെ ആ ദുരന്തവാർത്ത അറിയിച്ചു. എന്റെ മാതാപിതാക്കൾ പുലർച്ചെ ഉണ്ടായ സ്ഫോടനത്തിൽ ലണ്ടനിൽ കൊല്ലപ്പെട്ടു നിർഭാഗ്യവാനായഎന്റെ കയ്യിൽനിന്ന് പഴങ്ങളും മൊബൈൽഫോണും താഴെ വീണു. ഞാൻ അസ്വസ്ഥനായി എന്റെ കുഞ്ഞുപെങ്ങളുടെ അരികിലേക്ക് ഓടി. അവിടെയും എനിക്ക് ലഭിച്ചത് നിരാശ. എന്റെ പെങ്ങൾ അവിടെ ഇല്ലായിരുന്നു. ഞാൻ ഭ്രാന്തനെപ്പോലെ അലറിക്കരഞ്ഞ് ആപ്രദേശം മുഴുവൻ നടന്നു.

പിന്നീടാണ് കണ്ടത് അവൾ അല്പം ദൂരെ അരുവിയിലിറങ്ങി നിൽക്കുന്നു. ഞങ്ങൾക്ക് ജന്മം നൽകിയ മാതാപിതാക്കളുടെ മരണവും കുഞ്ഞുപെങ്ങൾ നഷ്ടപ്പെട്ടുവെന്ന തോന്നലും എന്റെ സമനില തെറ്റിച്ചു. ഞാനവളെ ക്രൂരമായി ശകാരിച്ചുകൊണ്ട് തല്ലി.

വീട്ടിലെത്തിയപ്പോൾ അവൾ കരഞ്ഞുകൊണ്ട് അകത്തെ മുറിയിൽ കയറി കതകടച്ചു.

അവളുടെ ഏങ്ങലടിയുടെ ശബ്ദം നിലച്ചപ്പോൾ ഞാൻ ശാന്തനായി കാറിനകത്തു കയറി. എന്തിന് ഞാനവളെ തല്ലി? കുറ്റബോധം എന്റെ മനസ്സിനെ ചുട്ടുപൊള്ളിച്ചു. കാണാൻ കഴിയാത്ത ആ അരുവിയെ ഒന്നു സ്പർശിക്കുവാൻ അന്ധയായ അവൾക്ക് തോന്നിയത് തികച്ചും സ്വാഭാവികം.
ഞാൻ ഇനി അവളെ സന്തോഷിപ്പിക്കുവാൻ എന്ത് സമ്മാനം നൽകണം. പരലോകം പൂണ്ട മാതാപിതാക്കളെയോ? ഈ നിർഭാഗ്യവാനായ ഏട്ടന്റെ അതിരറ്റ സ്നേഹമോ?

ഇനി ജീവിക്കണോ വേണ്ടയോ എന്ന് തന്നെ ഞാൻ സംശയിച്ചു. കാറിന്റെ ആക്സിലേറ്ററിൽ കാലമർത്തി ഞാൻ കാർ പായിച്ചു. ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി.

രാംരാജ് 9D

"എനിക്ക് വീണ്ടുമൊരു ജന്മം കിട്ടുമെങ്കിൽ ഞാൻ എല്ലാ രാത്രിയിലും നക്ഷത്രങ്ങൾക്കിടയിൽ കിടന്നുമാത്രം ഉറങ്ങും.മാൻപേടകളും മയിലുകളും നായ കുട്ടികളും കുതിരകളും വിഹരിക്കുന്ന ഒരു തോട്ടത്തിൽ ഞാൻ താമസിക്കും.വെയിൽ പൊള്ളുന്ന നിമിഷം നദിയിൽ നീന്തുകയുംഒരു മഞ്ചലിൽ എന്നപോലെ കിടക്കുകയും ചെയ്യും.എൻറെ ഭാഷയ്ക്ക് മനുഷ്യ ഭാഷയോട് സാദൃശ്യവുമുണ്ടാകില്ല .ഞാൻ സുഗന്ധ വാഹികളായ പൂക്കളുടെയും ദളങ്ങളും മാവിന്റെ തളിരും വിരിച്ച് ആ ശയ്യയിൽ കിടക്കും".

നീർമാതളം പൂത്തകാലം _________ കമലാ സുരയ്യ(മാധവിക്കുട്ടി)

കവിത

# എന്റെ കേരളം



പച്ചപ്പുൽത്തകിടി കൾക്കിടയിൽ അക്ഷയമാം

കേരളമേ നീ നന്മകളാൽ സമൃദ്ധം

നിൻ മാതൃഭാഷ അമ്മയോട് തുല്യം

നീ മാതൃത്വത്തിൻ പ്രതീകം

നിൻ നാട് മഹത് വ്യക്തികളാൽ ശ്രേഷ്ഠം,

നീ അറിവിന്റെ അക്ഷയപാത്രം

എന്നാൽ ഇപ്പോൾ നിൻ ഹരിത  ഗണങ്ങൾ

മായുന്നു നീ മലിനമാകുന്നു

നിൻ മാതൃഭാഷയിലും മാതൃത്വത്തിലും ഭംഗം വരുന്നു

മഹദ്വ്യക്തികളാൽ ശ്രേഷ്ഠമായ

ഈ കേരളം പുതുതലമുറകളാൽ നശിക്കുന്നു.

ദേവികൃഷ്ണ.എസ്



# ഉണ്ണിമായയ്ക്ക് ഒരു താരാട്ട്

ഉണ്ണിമായയ്ക്ക് ഉറങ്ങുവാൻ ഞാനൊരു
വെണ്ണിലാവിന്റെ തൊട്ടിൽ ഒരുക്കുന്നു .
വർണ്ണരാജികൾ പൂക്കുന്ന രാവിൽ നീ
കണ്ണു പൂട്ടി ഉറങ്ങുക കണ്മണി

രാക്കിളികൾ  രാഗോത്സവത്തിനായി
പൂക്കളമിട്ടു വാനിലെ മുറ്റത്ത്
കുഞ്ഞി കൈകളുയർത്തി നീയമ്മതൻ
നെഞ്ചിലെ സ്നേഹധാരയ്ക്കായി കേഴുന്നു

ഓമലിനെ  ഉറക്കുവാനമ്മയിന്ന്
ഓർമ്മയിലുള്ള താരാട്ട് പാടുമ്പോൾ
ഉണ്ണിമായ ഉറങ്ങാതെ മെല്ലെയാ
കുഞ്ഞിളം പല്ല് കാട്ടി ചിരിക്കുന്നു

രാരീ ...രാരീരം പാടിടാമമ്മ
മോളുറങ്ങൂ രാവിന്റെ തിലകമായി

ഉണ്ണികൃഷ്ണൻ

കവിത

# മലനാടാം മലനാട്

മാമലനാടാം മലനാട്

മാനുഷർ വാഴും മലനാട്

മാനതമ്പിളി പാറി നടക്കും

മാമാലനാടാം മലനാട്

പച്ചവിരിച്ചൊരു പാടം കാക്കും

മാതളമഞ്ജുളമെൻ നാട്

നാരികൾ വാണൊരു മലനാട്

നാഗങ്ങൾ വാണൊരു മലനാട്

നാനാജാതി മതസ്ഥർ വാഴും

സുന്ദര സുരഭിലമെൻ നാട്

അശ്വതി രാജൻ

# കൊയ്ത്തുപാട്ട്

ഒരു ചോളം തിരി നീട്ടീട്ടരിഞ്ഞു വെച്ചേ
ചെറുമനം ചെറുമന്റെ കുറുമ്പിപെണ്ണും
അയകൊണ്ടും വയലെല്ലാം   കതിരണിഞ്ഞെ
കതിരൊണ്ടു വയലെല്ലാം കൊയ്യേട്ടുത്തേ
ചെറുമനം ചെറുമന്റെ കുറുമ്പി പെണ്ണും ഞാനും
അയലത്തെ കുയിയന്റെ തവ്വപ്പച്ചാരും
ഒരു നെര കൊയിതപ്പം ഒരു കഥ പറഞ്ഞേ
ഇരു നെര കൊയ്തപ്പം കര കവിഞ്ഞേ
നീട്ടി കൊയ്യിണ കുറുമ്പിപ്പെണ്ണിന്റെ
നീളൻ നാക്കു ചുരുങ്ങട്ടെ
താത്തു കൊയ്യിണ തണവപെണ്ണിന്
തണപ്പും തുടിപ്പും കൊടുക്കട്ടെ
കനിവൊണം  പുഞ്ചക്കണ്ടം മിനുങ്ങി  നിന്നേ
കനിവുള്ള പുഞ്ചകണ്ടം മിനുങ്ങി നിന്നേ
അയക്കൊള്ള കതിരു വന്നണിഞ്ഞു നിന്നേ
മയയെല്ലാം മറഞ്ഞപ്പം കൊയു കൊയ്ഞ്ഞേ
തിരുവോണം കനിഞ്ഞുള്ള വെളവു തന്നേ
നീളത്തി കേക്കുന്നൊണ്ടേ നമ്മടെ പാട്ട്
താളത്തി കേക്കുന്നൊണ്ടേ നമ്മടെ പാട്ട്
ചേലൊള്ള പാട്ടു പരന്നാ പാടത്തീങ്കേ
ന്നാലോലം വെളയിണ നെമ്മണി പൊമ്മണിയാണേ.

അനശ്രീ.എ

കവിത

## ഗണിതം

ലളിതമാം മധുരമാം ഗണിതമേ

നിൻ അക്ഷയ ശൃംഖലയിൽ

എത്രപേർ വിജയിപ്പിക്കു

കവിതയും,കഥയും പാട്ടുമായി  നിന്നെ

ലളിതമാം പഠിച്ചിടുന്നു ഞങ്ങൾ

എത്രയാം ആളുകൾ ഗണിതത്തിൽ

മധുരിയ്ക്കും ഓർമ്മകളുമായി.

വീട്ടിലും, നാട്ടിലും കാട്ടിലും,

ഗണിതമേ, അവിടെയും നീ

സ്ഥാനം പിടിച്ചെടുത്തു.

നിന്നെ അറിയാത്തവരായി ആരുമില്ല,

കാരണം നീ ആ സ്ഥാനം ഏറ്റുവാങ്ങി,

നിന്നുടെ ആശ്രയം ഉൾക്കൊള്ളുമി

മനുഷ്യനും, പ്രകൃതിയും ഒരുപോലെ.

ദേവീകൃഷ്ണ.എസ്

# സായന്തനം.....

ക്ഷേത്രത്തിന്റെ ആൽത്തറയിൽ മൂവരുടെ സുഹൃത് സംഗമം പതിവാണ്. പ്രാദേശികവും ദേശീയവും സാർവ്വദേശീയവുമായ എല്ലാ മേഖലകളെക്കുറിച്ചും അവിടെ ചർച്ച കൊടുമ്പിരിക്കൊള്ളും

അയാൾ വരുന്നു....

മുടിയിഴകൾ ചിതറിക്കിടക്കുന്നു. മുഷിഞ്ഞ വസ്ത്രങ്ങളിൽ മുറിവുകളേറെ. തേഞ്ഞു തീർന്ന പാദരക്ഷകളിൽ ചെളി പുരണ്ടിരിക്കുന്നു. ഒട്ടിയ വയർ നട്ടെല്ലിൽ അഭയം തേടുന്നു. കുഴിയിലാണ്ടുപോയ കണ്ണുകളിൽ മയക്കം. അയാൾ മൂവരുടെ ചർച്ചകൾക്ക് ഭംഗം വരുത്തിക്കൊണ്ട് അവരുടെ സമീപം വന്നിരുന്നു. അയാളെ പരിഹസിക്കും മട്ടിൽ അവർ പരസ്പരം നോക്കി. പിന്നെ അവർ ചർച്ചയുടെ ലോകത്തേക്ക് കടന്നു.

ഒന്നാമൻ: ചൊവ്വയിലും വ്യാഴത്തിലും മനുഷ്യന് ജീവിക്കാൻ സാധിക്കുമെന്ന് ശാസ്ത്രം. നിങ്ങൾ എന്തു പറയുന്നു?

രണ്ടാമൻ: ഞാൻ ചിന്തിക്കട്ടെ

മൂന്നാമൻ: ഞാനും

ഇതു കേട്ട ആഗതൻ ഇടയ്ക്ക് കയറി പറഞ്ഞു. നിങ്ങൾ ചിന്തിച്ചാൽ ഉത്തരം കിട്ടുകയില്ല. ഞാനൊരു യാഥാർത്ഥ്യം പറയാം. നമ്മുടെ ചിന്തകൾക്ക് ശബ്ദമുണ്ടായിരുന്നുവെങ്കിൽ ഈ ലോകം ഇന്ന് കാണുകയില്ലായിരുന്നു.

കിച്ചു.ബി.എ

# അമ്മയുടെ ദു:ഖം

മണ്ണിൽ ലയിക്കാനൊരുങ്ങുന്ന പുത്രന്റെ

മാറിൽ വീഴുന്നൊരമ്മതൻ കണ്ണീർ

ഫലമില്ല പക്ഷേ വിധിയെ ശകാരിച്ച്

മിഴിനീർ പൊഴി ക്കുന്നൊരമ്മ

ഇനിയൊരു ജൻമം ഉണ്ണിയ്ക്കുദിക്കാൻ

അകംനൊന്ത് കേഴുന്നൊരമ്മ

കനിവാർന്നൊരമ്മതൻ ഉള്ളിലൊതുങ്ങാൻ

ഇടമില്ല നിനവുകൾക്കിപ്പോൾ

ഉള്ളിൽ നിന്നും പൊട്ടിയൊഴുകുന്ന കണ്ണീർ

അന്തമില്ലാത്തൊരീ കണ്ണീർ

ഒരു കിളുന്നിലപോൽ കൊഴിഞ്ഞു പോയുണ്ണിയെ

നോക്കി കരഞ്ഞമ്മ വീണ്ടും

ശ്രീജിത്ത്

# പ്രകൃതി എന്ന ശില്പി

നിങ്ങൾ താമസിക്കുന്നത് ഭൂമിയിലാണെങ്കിൽ ഭൂമിയെ  സ്നേഹിക്കുവാനും പ്രകൃതിസൗന്ദര്യം ആസ്വദിക്കുവാനും കഴിയണം. അല്ലാതെയു ള്ളവർ ഭൂമിയുടെ സൃഷ്ടിയാണെന്ന് അംഗീകരിക്കപ്പെടുകയില്ല.

"അക്കര നിന്നും നോക്കുമ്പോൾ ഇക്കരെ എന്നും പച്ചനിറം" എന്നതുപോലെ നമുക്ക്  നമ്മുടെ പ്രദേശത്ത് ഒളിഞ്ഞിരിക്കുന്ന പ്രകൃതിഭംഗി മനസ്സിലാക്കുവാൻ കഴിഞ്ഞെന്നുവരില്ല എങ്കിലും നാമത് ഉണർത്തിയെടുത്ത് ആസ്വദിക്കാൻ കഴിവുള്ളവരായിയിരിക്കണം. അങ്ങനെയുള്ളവരാണ് പ്രകൃതിയെ സ്നേഹിക്കുന്നവർ.

പ്രകൃതി നമുക്ക് എന്തെല്ലാം നൽകുന്നു. ഏതെല്ലാം രീതിയിൽ നമ്മുടെ മുന്നിലെത്തുന്നു. ഓഷ മകറ്റാൻ ഔഷധമായും വിശപ്പകറ്റാൻ ഭക്ഷണമായും  നിരാശയകറ്റാൻ പുഞ്ചിരിയായും.

ഭൂമിയുടെ മക്കളായ മനുഷ്യർ തന്നെ അതിന്റെ നിലനിൽപ്പിന് വിലങ്ങുതടിയാകുന്നു. ഈ അവസ്ഥ തുടർന്നാൽ ക്ഷമ മാതൃകമായ ക്ഷമാ പരിധി കരകവിഞ്ഞൊഴുകുകയും ഭൂമി എന്ന ജീവകേന്ദ്രം ഇല്ലാതാവുകയും ചെയ്യും.

ഒരു മഹാനായ ശില്പിയാണ് പ്രകൃതി. ആ പ്രകൃതി തന്റെ സ്നേഹമെന്ന  പണിയായുധം കൊണ്ട് വാത്സല്യ ശിലയിൽ കൊത്തിയെടുത്ത ശിൽപങ്ങളാണ് ഭൂമിയിലെ ജീവജാലങ്ങൾ. അതിൽ അതിമനോഹരവും അതുല്യവുമായ ശില്പമാണ് മനുഷ്യർ. ഈ ശില്പത്തിന്റെ ക്രൂരമായ പ്രവർത്തി കണ്ട് പ്രകൃതി എന്ന ഈ മഹാനായ ശില്പി ശില്പങ്ങൾ തല്ലിത്തകർക്കുന്ന നിലയാണിന്ന്.

പ്രകൃതി തീർത്ത കാടും മേടും മഞ്ഞും മലയും പൂവും പുഴയും മനുഷ്യനും മൃഗവും പക്ഷിയും ആകാശവും ഈ ശില്പങ്ങളെല്ലാം വിസ്മയകരമായി എന്നും നിലനിൽക്കാൻ പ്രകൃതിയുടെ ക്ഷമാപരിധി അണപ്പൊട്ടി ഒഴുകാതിരിക്കുവാൻ പ്രയത്നിക്കുക. ഇനിയെങ്കിലും ഭൂമിയെ സ്നേഹിക്കുക. പ്രകൃതി എന്ന ഈ മഹാനായ ശില്പി നമ്മെ സ്നേഹിക്കുന്നപോലെ നാം തിരികെ സ്നേഹിക്കുക. ഈ ശില്പി ഇനിയും ശില്പം ഉണ്ടാക്കിക്കൊണ്ടിരിക്കും, നമുക്കുവേണ്ടി.

രാംരാജ്

## താക്കോൽക്കൂട്ടം

മനസ്സിന്റെ മാന്ത്രികച്ചെപ്പ് തുറക്കാൻ
മായാജാലങ്ങൾ കയ്യിലുണ്ടോ...?
മണ്ണിന്റെ പൊന്നിന്റെ കാരിരുമ്പിന്റെ
താക്കോൽക്കൂട്ടം കയ്യിലുണ്ടോ...?
ഉള്ളിന്റെ ഉള്ളിലെ കാഴ്ചകാണാൻ
കണ്ണാടി വല്ലതും കയ്യിലുണ്ടോ...?
കനവിന്റെ നോവിന്റെ നൊമ്പരത്തിന്റെ
കണ്ണാടി വല്ലതും കയ്യിലുണ്ടോ...?
മണ്ണിന്റെ താക്കോൽ മണ്ണുകൊണ്ട്
മണ്ണോട്ട മണ്ണായുടഞ്ഞുപോയി പോയി

പൊന്നിന്റെ താക്കോൽ പൊന്നുകൊണ്ട്
മിന്നാമിന്നി പോൽ മിന്നി പോയി
ഇരുമ്പിന്റെ താക്കോൽ ഇരുമ്പുകൊണ്ട്
എന്നും തുരുമ്പായിരുമ്പുപോയി
മണ്ണല്ലിരുമ്പല്ല പൊന്നല്ല താക്കോല്
മറ്റെന്തോ മാസ്മര മന്ത്രം ആണോ
ഒരു തുള്ളി  കണ്ണീരിലീറനായി
മന്ദസ്മിതത്തിന്റെ മൗനമായി
ഒരു കുഞ്ഞു തൂവലിൻസ്പർശമായി
തൊട്ടുണർത്താൻ വന്ന സ്നേഹമായി

അനിൽ യശോധരൻ

# നിലാവ് ഉയർന്ന രാത്രിയിൽ......

ഇരുട്ടിന്റെ കരിമഷി മെല്ലെ അലിഞ്ഞു.സൂര്യ രശ്മി കണ്ണിൽ പതിഞ്ഞു.ബീന നിദ്രയിൽ നിന്നും ഉണർന്നു. അവൾ പടിവത്തിക്കൽ ചെന്നിട്ട് സൂര്യദേവനോട് പ്രാർത്ഥിച്ചു. സൂര്യദേവാ.... എന്റെ അച്ഛന് നല്ല ബുദ്ധി തൊന്നനേ... പണത്തിന്റെ അഹങ്കാരത്താൽ അദ്ദേഹം ആനേകം പാപങ്ങൾ ചെയ്തിട്ടുണ്ട്. ഞാനും എന്റെ അന്ധയായ അനിയത്തിയും അമ്മയില്ലത്തവർ ആണ്...അച്ഛനും അമ്മയും ആയി ഞങ്ങൾക്ക് അച്ഛൻ മാത്രമേ ഉള്ളൂ... അദ്ദേഹത്തിന് വേണ്ടി ഞാൻ ക്ഷമ ചോദിക്കുന്നു.ഇപ്പൊൾ എന്റെ ജീവിതം ചന്ദ്രൻ ഇല്ലാത്ത രാത്രി പോലെയാണ് .അദ്ദേഹത്തിന്റെ എല്ലാ ദുശ്ശീലങ്ങളും അങ്ങ് നിർവീര്യപെടുത്തണം...ഇത്രേം പരഞ്ഞുകൊണ്ട് അവൾ അകത്തേക്ക് പോയി. അവൾ തെക്കേ മുറിയിൽ ചെന്നപ്പോൾ മഹേഷ് എഴുന്നേറ്റിട്ടില്ല. അച്ഛാ...എഴുന്നേൽക്കു സമയം വൈകി..... മോൾ സ്കൂളിൽ പോകാൻ ഇറങ്ങിക്കോളൂ അച്ഛൻ എഴുന്നേറ്റു കൊള്ളാം... അയാൾ പറഞ്ഞു. സമയം ഒൻപതു മണിയായി .ബീന പറഞ്ഞു അച്ഛാ ഞാൻ ഇറങ്ങുന്നേ... ഒരു നിമിഷം നിൽക്കു മോളെ ...ഞാൻ നിന്നോട് എന്നും പറയാറുണ്ട് ഞാൻ ജോലിക്ക് പോകുമ്പോൾ നിന്നെയും സ്കൂളിൽ വിടാം എന്ന് പക്ഷേ നീ ഇതു വരെ അതിനു സമ്മതിച്ചിട്ടില്ല ഇന്നെങ്കിലും നീ അതിനു സമ്മതിക്കണം അയാൾ പറഞ്ഞു. ഇല്ല അച്ഛാ...എനിക്ക് പോകേണ്ടത് വടക്കോട്ടും അച്ഛന് പോകേണ്ടത് തെക്കോട്ടും ആണ് മാത്രവുമല്ല ഇവിടെനിന്നും സ്കൂളിലേക്ക് പോകാൻ അധികം ദൂരമൊന്നും ഇല്ലല്ലോ ഞാൻ നടന്നു പൊയ്ക്കോളാം... എന്നിട്ട് അവൾ വീട്ടിൽനിന്നിറങ്ങി. സമയം നാലു മണിയായി. ബീന സ്കൂൾ വിട്ട് വീട്ടിലേക്ക് വരുമ്പോൾ മഹേഷ് പണിക്കാരെ ഏർപ്പെടുത്തി വീടിന് വലതുവശത്തായി നിന്നിരുന്ന മാവ് വെട്ടുന്നതായി കണ്ടു. കോപത്തോടെ ചോദിച്ചു അച്ഛാ.. അച്ഛൻ എന്താണ് ഈ ചെയ്യുന്നത് ഇത് നല്ല മാവ് ആയിരുന്നില്ലേ.... ഇത് നശിപ്പിച്ചു ഇല്ലായിരുന്നു എങ്കിൽ എത്ര മാമ്പഴം കഴിക്കാമായിരുന്നു. മാമ്പഴമോ? നിനക്ക് എത്ര മാമ്പഴം വേണം എന്ന് പറയൂ. അത്രയും ഞാൻ വാങ്ങിത്തരാം. നമ്മുടെ കയ്യിൽ ഒത്തിരി പണം ഉണ്ട് . അയാൾ പറഞ്ഞു. അങ്ങനെയെങ്കിൽ പണക്കാരൻ ആയിരുന്ന അച്ഛനെന്തെ ഞങ്ങൾക്ക് ഒരു അമ്മയെ വാങ്ങി തന്നില്ല... അച്ഛാ... താങ്കൾ ഒന്നു മനസ്സിലാക്കണം. അച്ഛൻ പറഞ്ഞത് ശരിയാ. മാമ്പഴം എവിടെനിന്ന് വേണമെങ്കിലും വിലയ്ക്ക് ലഭിക്കും . പക്ഷേ നിറയെ പൂത്തു നിൽക്കുന്ന ഒരു മാവിന് എവിടെ നിന്ന് ലഭിക്കൻ സാധിക്കും? ഈ വീട്ടിൽ അച്ഛൻ ഇല്ലാത്ത നേരത്ത് ഞാനും ഭാമയും അനുഭവിക്കുന്ന അനാഥത്വം പറഞ്ഞറിയിക്കാൻ സാധിക്കില്ല... ഋതുഭേദങ്ങൾ, അമ്മ, മഴ ,സ്നേഹം, ഇങ്ങനെ അനേകം കാര്യങ്ങൾ വിലക്ക് ലഭിക്കില്ല. ഇനിയെങ്കിലും ഇതൊക്കെ അച്ഛൻ മനസ്സിലാക്കണം. ബീന പറഞ്ഞു. ശരിയാ... എൻറെ തെറ്റ് ഞാൻ മനസ്സിലാക്കുന്നു... ഇന്നു നീ എന്റെ കണ്ണുതുറപ്പിച്ചു മോളെ ബീന. ഇനി ഒരിക്കലും ഞാൻ പണത്തിന്റെ പേരിൽ അഹങ്കരി കില്ല... മഹേഷ് പറഞ്ഞു. ബീന ഒരു ചെറുപുഞ്ചിരിയോടെ അകത്തേക്ക് പോയി. പിറ്റേ ദിവസം അവൾ സൂര്യദേവനോട് പറഞ്ഞു സൂര്യദേവ... ഇപ്പോൾ എൻറെ ജീവിതം ശാന്തിയും സമാധാനവും നിറഞ്ഞതാണ് അതായത് ചന്ദ്രന്റെ നിലാവ് ഉയർന്ന രാത്രി പോലെ.....

വിഷ്ണുപ്രിയ.വി.വി


സഞ്ജു. എസ്. 9.D